ओ३म्

ओം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

DAYANANDA SANDESAM



പുസ്തകം: 12 | ലക്കം: 8

## ബലേശ്വർ മുനി
## (1937-2025)

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

മാർച്ച് 6 : പണ്ഡിറ്റ് ലേഖ്റാം രക്തസാക്ഷിദിനം
മാർച്ച് 19 : പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി സ്മൃതിദിനം
മാർച്ച് 23 : സർദാർ ഭഗത്സിംഗ്, സുഖ്ദേവ്, രാജഗുരു എന്നിവരുടെ രക്തസാക്ഷിദിനം

വാർഷിക വരിസംഖ്യ:125/- ദീർഘകാലം: 1500/-

സൃഷ്ടി സംവത്സരം: 1972949127, കലിവർഷം 5127, വൈദിക സൗരമാസം: മധു-മാധവം
ചാന്ദ്രമാസം: ചൈത്രം-വൈശാഖം, കൊല്ലവർഷം : 1200 മീനം-മേടം 2025 മാർച്ച്

# വേദാധ്യയനം

*(മുൻലക്കത്തിന്റെ തുടർച്ച)*

**മണ്ഡലം 1** **സൂക്തം 14**

**അ**ടുത്ത മന്ത്രത്തിൽ ഈശ്വരനെക്കുറിച്ചും ഭൗതികാഗ്നിയുടെ ഗുണങ്ങളെക്കുറിച്ചും ഉപദേശം ചെയ്തിരിക്കുന്നു.

കാണ്വോ മേധാതിഥിർ ഋഷിഃ । ദ്രവിണോദാഃ ദേവതാ ।
ഗായത്രീ ഛന്ദഃ । ഷഡ്ജഃ സ്വരഃ ॥

ദ്രവിണോദാ ദ്രവിണസോ ഗ്രാവഹസ്താസോ അധ്വരേ ।
യജ്ഞേഷു ദേവ മീഡതേ ॥

(ഋഗ്വേദം 1.15.7)

**പദാർത്ഥം:-** (ദ്രവിണോദാഃ) വിദ്യ, ബലം, രാജ്യം, ധനം തുടങ്ങിയ പദാർത്ഥങ്ങൾ നൽകുന്ന ദിവ്യഗുണങ്ങളുള്ള പരമേശ്വരനും ഉത്തമ ധനാദി പദാർത്ഥങ്ങൾ നൽകുന്ന ദിവ്യഗുണമുള്ള ഭൗതികാഗ്നിയും (ദേവം) ദേവതകളെ (ആവഹസ്താസഃ) സ്തുതി സമൂഹഗ്രഹണത്താലും അന്നം, കല്ല് തുടങ്ങിയ യജ്ഞസിദ്ധിക്കുതകുന്ന ശില്പവിദ്യക്കുള്ള പദാർത്ഥങ്ങളെ കയ്യിലെടുത്ത് അവയെക്കൊണ്ട് (ദ്രവിണാസഃ) യജ്ഞം ചെയ്യുകയൊ ദ്രവ്യസംമ്പാദനം ചെയ്യുന്നവരുമായ ഏത് പണ്ഡിതന്മാരാണോ (അധ്വരേ) അനുഷ്ഠാനം ചെയ്യാൻ യോഗ്യമായ ക്രിയാസാധ്യമായ ഹിംസക്ക് അയോഗ്യമായ (യജ്ഞേഷു) അഗ്നിഹോത്രം മുതൽ അശ്വമേധപര്യന്തമുള്ള ശിൽപവിദ്യാമയമായ യജ്ഞത്തിൽ (ഈഡതേ) പൂജിക്കുകയും അവയുടെ ഗുണങ്ങളെ അന്വേഷിച്ച് സംയുക്തമാക്കുകയും ചെയ്യുന്നത്, ആ മനുഷ്യർ സദാ ആനന്ദയുക്തരായിരിക്കുന്നു.

**ഭാവാർത്ഥം:** ഈ മന്ത്രത്തിൽ ശ്ലേഷാലങ്കാരമാണുള്ളത്. എല്ലാ മനുഷ്യർക്കും സർവ്വകർമ്മ-ഉപാസന-യജ്ഞകാണ്ഡ യജ്ഞങ്ങളിലും പരമേശ്വരന്റെ തന്നെ പൂജയും അതേപോലെ ഭൗതികാഗ്നിയാൽ ഹോമം, ശില്പവിദ്യ തുടങ്ങിയവ നല്ല പ്രകാരത്തിൽ സംയുക്തമാക്കാൻ യോഗ്യമാണ്.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്.**
**തർജ്ജമ : കെ.എം. രാജൻ മീമാംസക്)**

**(തുടരും)**

**അഭീമം മഹിമാ ദിവം വിപ്രോ ബഭൂവ സപ്രഥാഃ (യജുർവേദം 38.17)**
**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 12 | ലക്കം 8

സൃഷ്ടി സംവത്സരം: 1972949127, കലിവർഷം 5127, വൈദിക സൗരമാസം: മധു- മാധവം
ചാന്ദ്രമാസം: ചൈത്രം - വൈശാഖം, കൊല്ലവർഷം : 1200 മീനം - മേടം 2025 മാർച്ച്



**രക്ഷാധികാരികൾ:** സ്വാമി ആശുതോഷ്ജി പരിവ്രാജക്, ആദിത്യ മുനി, വി. ഗോവിന്ദ ദാസ്
**മുഖ്യപത്രാധിപർ:** കെ.എം. രാജൻ മീമാംസക്
**മാനേജിംഗ് എഡിറ്റർ:** പി.പി. ഉണ്ണികൃഷ്ണൻ
**പത്രാധിപ സമിതി:** ശ്രീകുമാർ.എൻ, കെ.കെ ജയൻ ആര്യ, സന്തോഷ് വി.കെ, പി.പി. സരളാദേവി, സി. ഹരികൃഷ്ണൻ ആര്യ
**വ്യവസ്ഥാപകൻ:** വി. കൃഷ്ണൻകുട്ടി, ജിജിത് ആര്യ


## താളുകൾ മറിക്കുമ്പോൾ


വേദാദ്ധ്യയനം ........ 2
മുഖവാണി ........ 3
ഋഗ്വേദാദിഭാഷ്യഭൂമിക ........ 5
മനുസ്മൃതി ........ 6
സന്ധ്യോപാസന എന്തുകൊണ്ട്?എങ്ങനെ? ........ 8
ഭാരതചരിത്രത്തിലെ ഏതാനും പരമാബദ്ധങ്ങൾ .. 9
ജീവിതം ഒരലയാഴി ........ 11
വൈദിക ഗണപതി ........ 12
ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം ........ 14
സപ്ത ഋഷികളുടെ നിസർഗോപചാരം അഥവാ പ്രകൃതിചികിത്സ വേദങ്ങളിൽ ........ 15
ഗുണപാഠ കഥകൾ ........ 17
ബലേശ്വർ മുനിക്ക് പ്രണാമം ........ 18
സരസ്വതി വന്ദനം ........ 19


## വിലാസം


ദയാനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Phone : 9446575923, 9497525923
Email :dayanandasandesam@gmail.com
Visit Us : www.aryasmajkerala.org.in
www.vedagurukulam.org


## മുഖവാണി

### ആര്യസമാജം കേരളത്തിൽ

*(തുടർച്ച)*

**മാ**പ്പിളമാരുടെ പ്രധാന സവിശേഷത അവരുടെ മതപരമായ ആചാരങ്ങളോടുള്ള ആവേശമാണ്. അവർ സുന്നികളോ ഷിയകളോ ആണ്. സുന്നികൾ മുഖ്യ പുരോഹിതനായ പൊന്നാനി തങ്ങളുടെ അനുയായികളാണ്. അതേസമയം ഷിയകൾ കൊണ്ടോട്ടി തങ്ങളെ അവരുടെ മതനേതാവായി അംഗീകരിക്കുന്നു. ഇവരും മറ്റ് നിരവധി തങ്ങളുമാരും മുല്ലമാരും പതിവായി മതപരിവർത്തന പ്രചാരണങ്ങൾ സംഘടിപ്പിക്കുന്നു. ഇത് പലപ്പോഴും അവർക്കിടയിൽ മത്സരബുദ്ധിയോടെയുള്ളതായി മാറുന്നു. അതിന്റെ ഫലമായി ചിലപ്പോൾ മൊത്തം മതപരിവർത്തനം നടത്തപ്പെടുന്നവരുടെ എണ്ണം പ്രതിമാസം നൂറുകണക്കിന് ആകാം.

മലബാറിലെ മാപ്പിളമാരുടെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനം നാല് നൂറ്റാണ്ടുകൾക്ക് മുമ്പ് ഉത്ഭവിച്ച പൊന്നാനിയിലെ മഖ്ദൂമിന്റെ ഓഫീസാണ്. മഖ്ദൂമിൽ കൊടുങ്ങല്ലൂർ (കൊച്ചി മുതൽ മംഗലാപുരം വരെയു

**അഗ്നിനാഗ്നിഃ സമിദ്ധ്യതേ (സാമം 944)**
**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

ള്ള മാപ്പിളമാർക്കായി ഒരു മതമേധാവിയുടെ വിഭാഗം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൽപ്പനകൾ അന്തിമമായിരുന്നു. പ്രശസ്തമായ ജമാഅത്ത് പള്ളിയിൽ, മഖ്ദൂമുകൾ ഖുർആനിൽ അധ്യാപനം നടത്തുന്നു. കേരളത്തിലെമ്പാടുമുള്ള വിദ്യാർത്ഥികൾ ഇവിടെ വരുന്നു. ഒരു നിശ്ചിത നിലവാരത്തിലുള്ള കാര്യക്ഷമതയ്ക്ക് ശേഷം, അർഹരായ മുല്ലയ്ക്ക് മുസലിയാർ ബിരുദം നൽകുന്നു. ഈ മുസലിയാർമാരെ നാടിന്റെ വിവിധ ഭാഗങ്ങളിൽ പ്രചാരണത്തിനായി നിയോഗിക്കുന്നു. അവർ ഖുർആനിന്റെ വ്യാഖ്യാതാക്കളായി മാറുന്നു, പലപ്പോഴും പള്ളികളുടെ ചുമതലക്കാരായി നിയമിക്കപ്പെടുന്നു. വിദ്യാർത്ഥികൾക്ക് താമസസൗകര്യത്തിനായി ജമാഅത്ത് പള്ളിയിൽ ഒതുങ്ങേണ്ടി വരുന്നു, അതേസമയം അവരിൽ ഭൂരിഭാഗവും ഉദാരമതികളായ ഏതാനും മാപ്പിളമാരിൽ നിന്ന് സൗജന്യ താമസ സൗകര്യം ആസ്വദിക്കുന്നു. സ്ഥാപനത്തിന്റെ നിലവിലെ അംഗസംഖ്യ 481 ആണ്. പൊന്നാനിയുടെ കീഴിൽ നാല് മുസ്ലീം മിഷനുകൾ പ്രവർത്തിക്കുന്നു. 1924 മുതൽ 1948 വരെയുള്ള കാലയളവിൽ ഇസ്ലാം മതത്തിലേക്കുള്ള പരിവർത്തനങ്ങളാണ് ഈ പൊന്നാനി വിഭാഗത്തിന്റെ നേട്ടമെന്ന് പറയപ്പെടുന്നു. മാപ്പിളമാർക്ക് ഇസ്ലാം ഒരു മതം മാത്രമല്ല. അതൊരു രാജ്യവുമാണ്.

മാപ്പിളമാരുടെ തലച്ചോറുകളിൽ ആവേശം കുത്തിനിറക്കുന്ന മത ദേശീയത കേരളത്തിലെ ഹിന്ദുക്കൾക്ക് വളർന്നുവരുന്ന ഒരു ഭീഷണിയായി മാറിയിരിക്കുന്നു. മാപ്പിള ഒരു ഒറ്റപ്പെട്ട വ്യക്തിയല്ല. നയതന്ത്രജ്ഞരും ഭൂമിശാസ്ത്രജ്ഞരും സൃഷ്ടിച്ച കൃത്രിമ അതിരുകളിൽ അവർ വിശ്വസിക്കുന്നില്ല. ധാർമ്മികമായും മതപരമായും ബൗദ്ധികമായും അവർ മഹത്തായ മുസ്ലീം പിതൃരാജ്യത്തിൽപെടുന്നു. അതിന്റെ തലസ്ഥാനം മക്കയാണ്. അതിന്റെ ഭരണാധികാരി വിശ്വാസികളുടെ തലവനാണ്. നൂറ്റാണ്ടുകളായി അദ്ദേഹത്തിന്റെ മാനസികാവസ്ഥ ഖുർആനിൽ സന്നിവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**(തുടരും)**

- പത്രാധിപർ


# ദയാനന്ദ സന്ദേശം മാസിക

**സത്യ - സനാതന - വൈദിക ധർമ്മ സന്ദേശം**
**ആര്യധർമ്മത്തിന്റെ പാഞ്ചജന്യം**

വായിക്കുക....................... പ്രചരിപ്പിക്കുക.............. വരിക്കാരാവുക

വാർഷിക വരിസംഖ്യ 125/- രൂപ ദീർഘകാലം 1500/-

**വരിസംഖ്യ അയക്കേണ്ട വിധം**

**Account Name : Dayananda Sandesam**
**Account No : 4264000100072426, Punjab National Bank Cherpalcheri**


**ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)**
**മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.**



*(മുൻലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ. എം. രാജൻ മീമാംസക്

## 4. വേദവിഷയവിചാരഃ

സ നോ ബന്ധുർ ജനിതാ സ വിധാതാ ധാമാനി വേദ ഭുവനാനി വിശ്വാ ।
യത്ര ദേവാ അമൃതമാനശാനാസ്തൃതീയേ ധാമന്നധ്യൈരയന്ത ॥ 4 ॥
പരീത്യ ഭൂതാനി പരീത്യ ലോകാന് പരീത്യ സർവ്വാഃ പ്രദിശോ ദിശശ്ച ।
ഉപസ്ഥായ പ്രഥമജാമൃതസ്യാത്മനാത്മാനമഭി സം വിവേശ ॥ 5 ॥
(യജു. 32.9, 10, 11)
വേദാഹമേതം പുരുഷം മഹാന്തമാദിത്യവർണം തമസഃ പരസ്താത് ।
തമേവ വിദിത്വാതി മൃത്യുമേതി നാന്യഃ പന്ഥാ വിദ്യതേഽയനായ ॥ 6 ॥
(യജു. 31.18)
തദേജതി തന്നൈജതി തദ്ദൂരേ തദ്വന്തികേ ।
തദന്തരസ്യ സർവസ്യ തദു സർവസ്യാസ്യ ബാഹ്യതഃ ॥ 7 ॥
(യജു. 40.5)
"സ പര്യഗാച്ഛുക്രമകായമവ്രണമ്" ഇത്യാദി ച ॥
(യജു 40.8)
യ ഇമാ വിശ്വാ ഭുവനാനി ജുഹ്വദൃഷിർഹോതാ ന്യസീദത്പിതാ നഃ ।
സ ആശിഷാ ദ്രവിണമിച്ഛമാനഃ പ്രഥമച്ഛദവരാം ആവിവേശ ॥ 8 ॥
കിം സ്വിദാസീദധിഷ്ഠാനമാരംഭണം കതമത്സ്വിത് കഥാസീത് ।
യതോ ഭൂമിം ജനയൻവിശ്വകർമാ വിദ്യാമൗർണോൻമഹിനാ വിശ്വചക്ഷാഃ ॥ 9 ॥
വിശ്വതശ്ചക്ഷുരുത വിശ്വതോമുഖോ വിശ്വതോബാഹുരുത വിശ്വതസ്പാത് ।
സം ബാഹുഭ്യാം ധമതി സംപതത്രൈർദ്യാവാഭൂമീ ജനയൻ ദേവ ഏകഃ ॥ 10 ॥
(യജു. 17.17, 18 & 19)

ഇത്യാദയോ മന്ത്രാ യജുഷി ബഹവഃ സന്തി തഥാ സാമവേദസ്യോത്തരാർച്ചികേ ത്രികം (ഉത്തരാർച്ചികേ പ്രഥമ പ്രപാഠകേ പ്രഥമാർധേ ഏകാദശം ത്രികം സാമാവേദത്തിൽ ഉത്തരാർച്ചികത്തിലെ അർദ്ധ പ്രപാഠകാന്തർഗതമായ ത്രികരൂപ: അവാന്തരഭാഗത്തിന്റെ നിർദ്ദേശം ഉണ്ട്. ഋഗ്വേദത്തിൽ വർഗ്ഗം, സൂക്തം എന്നപോലെ. 'ത്രിക' ശബ്ദത്തിന്റെ മൂല അർത്ഥം, അതിൽ മൂന്ന് ഋചകൾ ഉണ്ട് എന്നാണ്. എന്നാൽ സാമവേദത്തിൽ ഇത് രൂഢ സംജ്ഞ ആയതിനാൽ 'ത്രിക' യിൽ എല്ലായിടത്തും മൂന്ന് ഋചകൾ ഉണ്ടാവണമെന്ന് നിർബന്ധമില്ല. രണ്ടോ മൂന്നിൽ അധികമോ ഋചകളും 'ത്രിക' യിൽ കണ്ടേക്കാം. സാമമന്ത്രങ്ങളുടെ സ്വരനിർദ്ദേശവും ഇവിടെ നൽകിയിട്ടുണ്ട്)

**(തുടരും)**

**വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)**
**വിപ്രൻ സത്യവ്രതനും അമരനുമാകുന്നു**



*(മുൻലക്കത്തിന്റെ തുടർച്ച)*

# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ. എം. രാജൻ മീമാംസക്

**അധ്യായം: 1** **മനുസ്മൃതിയുടെ മഹത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)**

## മനുസ്മൃതിയും അതിന്റെ ഭാഷയും (തുടർച്ച.....)

**മ**നുസ്മൃതിയുടെ ഭാഷയെ സംബന്ധിച്ചിടത്തോളം നേരത്തേ അതിൽ ധാരാളം വൈദിക പ്രയോഗങ്ങൾ ഉണ്ടായിരുന്നു. അത് ക്രമേണ മാറിക്കൊണ്ടിരുന്നു. സാധാരണക്കാരുമായി ബന്ധപ്പെട്ട ഗ്രന്ഥമായതിനാൽ കാലത്തിനനുസരിച്ച് അതിന്റെ ഭാഷയും മാറിക്കൊണ്ടിരുന്നു. ഈ സാധ്യതയെ സ്ഥിരീകരിക്കുന്ന ഇത്തരം ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. വാല്മീകി രാമായണത്തിന്റെ ദാക്ഷിണാത്യ വംശീയ ഉത്തര പശ്ചിമോത്തരീയ പതിപ്പുകൾ പ്രസിദ്ധവും ജനപ്രിയവുമാണ്. ഇവയിൽ ദക്ഷിണാത്യ പാഠത്തിൽ ഇപ്പോഴും ഭൂരിഭാഗം വൈദിക പ്രയോഗങ്ങളും അടങ്ങിയിരിക്കുന്നു. മറ്റു പതിപ്പുകളിൽ അവയുടെ മിക്കതും മാറ്റം വന്ന് ലൗകിക ഭാഷാശൈലി കൂടുതലായിട്ടുണ്ട്. മനുസ്മൃതിയുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചിരിക്കുന്നത്. കാലക്രമത്തിന്റെ വീക്ഷണത്തിൽ സർവ്വ ഋഷി മഹർഷികളിലും വെച്ച് പ്രാചീനനാണ് മനു. അതേപോലെ ഏറ്റവും ആദ്യത്തെ പ്രസിദ്ധ സ്മൃതിയും മനുസ്മൃതിയാണ്. ചില നവീന പണ്ഡിതന്മാരുടെ വിചിത്രമായ അഭിപ്രായം വസിഷ്ഠൻ, ഗൗതമൻ തുടങ്ങിയ ഋഷിമാർ മനുവിനുമുമ്പ് ജീവിച്ചിരുന്നവരാണ് എന്നാണ്. അവരുടെ സ്മൃതി ഗ്രന്ഥങ്ങൾ മനുസ്മൃതിയേക്കാളും പ്രാചീനമാണെന്നുമാണ്. ഇനി ഭാഷയുടെ ദൃഷ്ടിയിൽ ഈ സ്മൃതികളിൽ ഏതെങ്കിലും പൂർവ്വാപരക്രമം തോന്നുന്നുവെങ്കിൽ അതിനുള്ള കാരണം അവയുടെ പ്രാചീനതയും മനുസ്മൃതിയുടെ നവീനതയുമല്ല. എന്നാൽ അത് മനുസ്മൃതിയുടെ പ്രചുരപ്രചാരവും സാമാന്യജനങ്ങളുടെ വ്യവഹാരോപയോഗവും കാലാകാലങ്ങളിൽ അതിലെ ഭാഷയ്ക്കും ശൈലിക്കും ഉണ്ടായ പരിവർത്തനവുമാണ്. മറ്റു സ്മൃതികൾ അവയുടെ അപ്രസിദ്ധവും കുറഞ്ഞ പ്രചാരവും കാരണം അവയുടെ ഭാഷാപരമായ പരിവർത്തനം കുറവായതാണ്.

**(ശേഷം പേജ് 7ൽ)**

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**

### 8. മനുസ്മൃതിയുടെ ആദ്യരൂപം

മനുസ്മൃതിയുടെ ആദ്യരൂപം എന്തായിരുന്നിരിക്കാം? ഈ വിഷയത്തെക്കുറിച്ച് ചിന്തിച്ചവർക്കെല്ലാം വ്യത്യസ്തമായ അഭിപ്രായമായിരുന്നു. ഏതാനും പേർ പറയുന്നത് അത് ഗദ്യരൂപത്തിലായിരുന്നു എന്നും മറ്റു ചിലർ അത് സൂത്രബദ്ധമായിരുന്നുമെന്നുമാണ്. പദ്യരൂപത്തിലായിരുന്നു മനുസ്മൃതി എന്ന് വേറൊരു കൂട്ടർ പറയുന്നുണ്ട്. ഈ ചോദ്യത്തിന് അതിന്റെ ശൈലി നൽകിയ വീക്ഷണമായിരിക്കും കൂടുതൽ തൃപ്തികരവും ആധികാരികവുമെന്ന് ഞാൻ കരുതുന്നു. ഈ അധ്യായത്തിന്റെ മധ്യത്തിൽ (മനുസ്മൃതിയുടെ രചയിതാവ് ആരെന്ന ചോദ്യത്തിനുള്ള ഉത്തരമായി) മനുസ്മൃതിയുടെ ശൈലി വേണ്ടത്ര വിശദമായി എടുത്തുകാണിച്ചിരിക്കുന്നു. ആ നിഗമനത്തിനനുസരിച്ച് മനുസ്മൃതി അടിസ്ഥാനപരമായി മനുവിന്റെ പ്രവചനങ്ങളാണ്. അവ പിന്നീട് സമാഹരിച്ചു. തുടക്കം മുതൽ അവസാനം വരെ മനുസ്മൃതി പ്രവചനശൈലിയിൽ സംഗ്രഹിച്ചെടുത്തതാണ്. നിരുക്ത പ്രമാണങ്ങൾ ഇതിന് തെളിവ് നൽകുന്നത് പ്രാചീനകാലത്ത് ഉപദേശങ്ങൾ പ്രവചന രൂപത്തിലാണ് നൽകിയിരുന്നത് എന്നാണ്. ലിപിബദ്ധമായ ഗ്രന്ഥങ്ങൾ പഠിപ്പിച്ചുകൊണ്ടായിരുന്നില്ല. ജനങ്ങൾ ഉപദേശങ്ങളിൽ അലസന്മാരായി തീർന്നപ്പോൾ ഗ്രന്ഥങ്ങളുടെ നിർമ്മാണം തുടങ്ങി. അവയുടെ മാധ്യമത്തിലൂടെ പഠന-പാഠനങ്ങൾ തുടങ്ങി. (നിരുക്തം 1.19 ഈ സന്ദർഭം മനുസ്മൃതിയുടെ 'മൂല പ്രവക്താവ്' എന്ന തലക്കെട്ടിലുള്ള ഭാഗത്ത് ഉദ്ധരിച്ചിട്ടുണ്ട്).

1. പ്രവചനം ഗദ്യരൂപത്തിൽ തന്നെയായിരുന്നു. മനുസ്മൃതിയുടെ ആദ്യരൂപം ഗദ്യരൂപത്തിൽ ആയിരുന്നു എന്ന് നിഷ്കർഷ രൂപത്തിൽ പറയാവുന്നതാണ്. ഗദ്യരൂപത്തിൽ നിന്ന് അത് പദ്യരൂപത്തിലേക്ക് മാറ്റിയെടുത്തു.

ഇതിനുപോൽബലകമായി മനുസ്മൃതിയുടെ ഏതാനും അന്തരംഗ പ്രമാണങ്ങളും ഉണ്ട്. വിഷയക്രമത്തെ യഥാവിധി വിവരിക്കുന്നതിൽ ഏതാനും ബുദ്ധിമുട്ടുകൾ വന്നപ്പോൾ അവിടങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ആദ്യരൂപം പദ്യക്രമത്തിലായിരുന്നുവെങ്കിൽ ഏതൊരു ക്രമത്തിലാണോ അത് കൊടുത്തിരുന്നത് അതേ ക്രമത്തിൽ അവയുടെ വ്യാഖ്യാനങ്ങൾ ഉണ്ടാവുമായിരുന്നു. എങ്ങനെയെന്നാൽ

(ക) 86 ൽ 18 തരത്തിലുള്ള വ്യവഹാര കാര്യങ്ങളെ കുറിച്ച് പരിഗണിക്കുമ്പോൾ 'പാരുഷ്യേ ദണ്ഡവാചികേ' എന്ന പ്രദപ്രയോഗമുണ്ട്. ദണ്ഡത്തിന്റെ കാഠിന്യവും വായ്പാരുഷ്യത്തെക്കുറിച്ചുള്ള വർണ്ണനയുണ്ട്. (8. 266 277). അതിനുശേഷം ദണ്ഡപാരുഷ്യം (8. 278-300) വർണ്ണിക്കുന്നു. ഇപ്രകാരം ക്രമം മാറ്റിയിട്ടുണ്ട്. അതൊരുപക്ഷേ ഛന്ദസ്സിന്റെ താല്പര്യപ്രകാരം ആവാം.

**(തുടരും)**

**സർവ്വ തദ് ഹനി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**
**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**



*(മുൻലക്കത്തിന്റെ തുടർച്ച)*

# സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ?

**പണ്ഡിറ്റ് ഗംഗാപ്രസാദ് ഉപാധ്യായ**
**തർജ്ജമ : കെ. എം. രാജൻ മീമാംസക്**


## മാർജ്ജന മന്ത്രം (തുടർച്ച.....)

**ന**ല്ലതിൽ വെച്ച് നല്ലതായ വസ്തുക്കളിലും നിങ്ങൾ ദോഷം കാണാൻ തുടങ്ങും. ക്രമേണ നിങ്ങളുടെ സ്വഭാവം അസ്ഥിരമായി തീരും. ചെറിയ കാര്യങ്ങളിൽ പോലും കുപിതനായി തീരും. ഈ കോപം മറ്റുള്ളവരിൽ പ്രഭാവം ചെലുത്തിയാലും ഇല്ലെങ്കിലും ഈ ക്രോധാഗ്നി നിങ്ങളുടെ ശരീരത്തെ ഭീഷണിപ്പെടുത്തും. അത് നിങ്ങളുടെ രക്തത്തെ തിളപ്പിക്കും. ഇക്കാരണത്താൽ നിങ്ങളുടെ ശരീരത്തിൽ രോഗങ്ങൾ ഉണ്ടാവും. ഏതൊരാളാണോ സന്ധ്യാവന്ദനം ചെയ്യുമ്പോൾ ആചമനമന്ത്രത്തിലെ 'പീതി' ശബ്ദത്തിന്റെ മഹത്വം മനസ്സിലാക്കുകയും അത് അയാളുടെ ആചാരങ്ങളിലും പെരുമാറ്റങ്ങളിലും 'പീതി' യുടെ പ്രകാശത്തെ പരത്തുകയും ചെയ്യുന്നത്, അയാൾ കഷ്ടതയുള്ള അവസ്ഥയിലും കുറഞ്ഞ ദുഃഖത്തെ അനുഭവിക്കുന്നു. അയാളുടെ ഈ പ്രവൃത്തി രോഗത്തിനും ചികിത്സക്കും ഒരു പരിധിവരെ സഹായിക്കും. അതിനാൽ സന്ധ്യാവന്ദനം ചെയ്യുന്നത് കേവലം ധാർമിക കൃത്യം മാത്രമല്ല പ്രാപഞ്ചിക ലാഭം കൂടിയുണ്ടതിൽ.

നമ്മുടെ ശരീരവുമായി ബന്ധപ്പെട്ട ഈശ്വരീയ ഗുണങ്ങൾ കാണുമ്പോൾ ആ ഗുണങ്ങളും ഈശ്വരനിൽ നിന്ന് വ്യത്യസ്തമായി തോന്നാൻ തുടങ്ങുന്നു. ഉദാഹരണത്തിന് ഒരാൾ നിങ്ങൾക്ക് എന്തെങ്കിലും സമ്മാനമോ മറ്റോ നിരന്തരം അയക്കുകയാണെങ്കിൽ കുറച്ചുദിവസങ്ങൾക്ക് ശേഷം നിങ്ങളുടെ ശ്രദ്ധ 'ദാനം' ലഭിക്കുന്ന വസ്തുവിൽ നിന്ന് ദാതാവിലേക്ക് തിരിയാൻ തുടങ്ങും. അദ്ദേഹത്തെ കാണുമ്പോൾ തന്നെ അയാളുടെ ദാനം ചെയ്യുക എന്ന ഗുണത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ആകർഷിക്കപ്പെടുന്നു. അതേ പോലെ നമ്മുടെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈശ്വരന്റെ 'ദയ' യുടെ പ്രകാശം കാണുമ്പോൾ നമ്മുടെ ശ്രദ്ധ നേരിട്ട് ഈശ്വരന്റെ ഗുണങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നു.

**(തുടരും)**

**മാ സ്രോധത (ഋഗ്വേദം 6.32.9)**
**ഹിംസ ചെയ്യാതിരിക്കൂ.**



(മുൻലക്കത്തിന്റെ തുടർച്ച)

# ഭാരത ചരിത്ര ഗവേഷണത്തിലെ ഏതാനും പരമാബദ്ധങ്ങൾ

പ്രൊ.പി.എൻ.ഓക്
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## കുത്തബ്മിനാർ എന്നറിയപ്പെടുന്ന കെട്ടിടം (തുടർച്ച.......)

**ഇ**രു പ്രവേശന ദ്വാരത്തുള്ള കല്ലിൽ കൊത്തിവെച്ച താമരയുടെ രൂപം ഇതൊരു ഹൈന്ദവ ഗോപുരമായിരുന്നു എന്നതിന് ഊന്നൽ നൽകുന്നു. മധ്യകാല ഹൈന്ദവ കെട്ടിടങ്ങളുടെ സവിശേഷതയാണ് കല്ലിൽ കൊത്തിവെച്ച താമരകളുടെ ചിത്രം. തങ്ങളുടെ കെട്ടിടങ്ങളിൽ മുസ്ലീങ്ങൾ ഒരിക്കലും അത്തരം പുഷ്പങ്ങൾ കൊത്തിവയ്ക്കാറില്ല.

ഹൈന്ദവ ചിത്രകലക്കിടകലർന്നുകാണുന്ന അറബിപദങ്ങൾ എഴുതി പിടിപ്പിച്ചതാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഒരു തീവ്ര മുസ്ലീം പണ്ഡിതനായിരുന്ന സർ സയ്യദ് അഹമ്മദ്ഖാൻ ഈ ഗോപുരം ഒരു ഹൈന്ദവ നിർമ്മിതമാണെന്ന് സമ്മതിച്ചിട്ടുണ്ട്.

ഈ ഗോപുരത്തിന് മുകളിലൂടെ ഒരു വിമാനത്തിൽ നിന്നും നിരീക്ഷിക്കുന്ന ഒരാൾക്ക് മുകളിൽ നിന്നും താഴോട്ടായി 24 ദളങ്ങൾ ഉള്ള താമരപ്പൂവ് വിടർന്ന് നിൽക്കുന്നതുപോലെയാണ് ഇതിന്റെ നിർമ്മാണം. ചുവന്ന ഇഷ്ടികയും 8 ന്റെ ഗുണിതമായ 24 എന്ന അക്കവും വൈദിക പാരമ്പര്യം വിളിച്ചോതുന്നു. ഹൈന്ദവമായ ഈ ഗോപുരത്തിന്റെ പേര് വിഷ്ണുധ്വജം അഥവാ വിഷ്ണു സ്തംഭം അഥവാ ധ്രുവസ്തംഭം എന്നായിരുന്നു.

ബ്രാഹ്മി ലിപിയിൽ എഴുതിയ ഒരു സംസ്കൃത ആലേഖനം തുരുമ്പ് പിടിക്കാത്ത ഇരുമ്പ് തൂണിനടുത്തായി വിഷ്ണുപാദ ഗിരി എന്ന ഒരു കുന്നിൽ സൃഷ്ടി പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന വിഷ്ണുവിന്റെ രൂപം കൊത്തിവെച്ച ഒരു ക്ഷേത്രത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. മുഹമ്മദ് ഘോറിയും അയാളുടെ വിശ്വസ്തനായിരുന്ന കുത്തബ്ദ്ദീനും ചേർന്ന് ഈ മന്ദിരം തച്ചുടക്കുകയാണ് ഉണ്ടായത്. കിഴക്കുമുതൽ പടിഞ്ഞാറ് വരെ ദിഗ്വിജയത്തിൽ ജയിച്ചിരുന്ന ഒരു പ്രാചീന ഹൈന്ദവ രാജാവ് തന്റെ വിജയത്തിന്റെ വിളംബരമായി നിർമ്മിച്ചതാണ് ഈ സ്തംഭം.

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**
**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ.**

ആഴ്ചയിലെ 7 ദിവസങ്ങളെ ദ്യോതിപ്പിക്കുന്ന തരത്തിൽ ഈ ഗോപുരത്തിന് ഏഴുനിലകളുണ്ടായിരുന്നു. ഇപ്പോൾ അഞ്ചെണ്ണമേ അവശേഷിക്കുന്നുള്ളൂ. ആറാമത്തെ നില എടുത്തുമാറ്റി പുൽത്തകിടിക്ക് സമീപമായി പുനഃസ്ഥാപിച്ചിട്ടുണ്ട്.

ഏഴാമത്തെ നിലയിൽ നാന്മുഖനായ ബ്രഹ്മാവ് നാലുവേദങ്ങളുമായി സൃഷ്ടി ആരംഭത്തെക്കുറിക്കുന്ന ഒരു പ്രതിമ ഉണ്ടായിരുന്നു. ബ്രഹ്മാവിനുമുകളിലായി സ്വർണ്ണ മണികളോട് കൂടിയ ഒരു വെളുത്ത മാർബിൾ ഫലകവും ഉണ്ടായിരുന്നു. മുകളിലെ മൂന്നുനിലകൾ മാർബിളിൽ ഉണ്ടാക്കിയതായിരുന്നു. വിഗ്രഹഭഞ്ജകരായ മുസ്ലീം ആക്രമണകാരികൾ ഈ ബ്രഹ്മാവിന്റെ രൂപവും താഴത്തുണ്ടായിരുന്ന വിഷ്ണുവിഗ്രഹവും തകർത്തുകളഞ്ഞു. ഇരുമ്പുതൂണ് വിഷ്ണുക്ഷേത്രത്തിന്റെ ഗരുഡധ്വജം അഥവാ ഗരുഡസ്തംഭമായിരുന്നു.

ഒരു വശത്തായി അണ്ഡാകൃതിയിൽ 27 നക്ഷത്ര സമൂഹങ്ങളുടെ ഒരു മന്ദിരമുണ്ടായിരുന്നു. വലിയ ചുവന്ന കല്ലാൽ അലംകൃതമായ പ്രവേശനമാർഗ്ഗം നക്ഷത്രാലയം എന്നറിയപ്പെടുന്ന ഒരു പവിത്ര മന്ദിരത്തിലേക്ക് നയിക്കുന്നു. അതിനാൽ ഈ പ്രവേശനകവാടം പരമ്പരാഗതമായി ആലയദ്വാരം എന്ന പേരിൽ ആണ് അറിയപ്പെടുന്നത്.

കണ്ണിംഗ് ഹാമ് (Cunning Ham) ഈ പരമ്പരയായി വിശ്വസിച്ചുപോരുന്ന 'ആലയദ്വാര'ത്തെ സുൽത്താൻ അലാവുദ്ദീന്റെ പേരിലാക്കി തിരിച്ചെഴുതുന്നു. സുൽത്താൻ അലാവുദ്ദീൻ തന്നെ ഇത്തരത്തിൽ ഒരു അവകാശവാദം രേഖപ്പെടുത്തിയിട്ടില്ല.

അലാവുദീന്റെ സമയത്ത് തന്നെ ഈ പരിസരം നഷ്ടപ്രായമായി കഴിഞ്ഞിരുന്നു. പിന്നെ അയാൾ എന്തിനാണ് കുങ്കുമവർണ്ണത്തിലുള്ള ഗംഭീരമായ ഈ പ്രവേശനദ്വാരം ശൂന്യതയിൽ നിന്നും ശൂന്യതയിലേക്ക് നയിക്കുമാറ് നിർമ്മിച്ചത്.

ഇതൊരു മൗസ്സിനി (Mauzzini's) ന്റെ ഗോപുരമാണെന്നുള്ള തല്പരകക്ഷികളായ ചില മുസ്ലീങ്ങളുടെ വാദം വാസ്തവവിരുദ്ധമാണ്. വളഞ്ഞുപുളഞ്ഞുള്ള 365 പടവുകൾ ഇരുളിലൂടെ കയറി ദിവസവും അഞ്ചുപ്രാവശ്യവും ഈ ഗോപുരത്തിൽ കയറി ഇറങ്ങുന്ന ജോലി ഒരു മൗസ്സിനും ഏറ്റെടുക്കുമെന്ന് തോന്നുന്നില്ല. ഈ നിതാന്തപരിശ്രമത്തിനിടയിൽ അയാൾ കാലിടറി വീണുമരിക്കാനുംകൂടി ഇടയുണ്ട്.

**(തുടരും)**

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**



(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം: 6

**അ**തുകൊണ്ട് എല്ലാ മർമ്മകേന്ദ്രങ്ങളിലും അവരുടെ സ്വയം സേവകരും സാധാരണ സേനകളും ഉണ്ടായിരിക്കും. സത്രത്തിലും കുളത്തിനുചുറ്റുമുള്ള കടവിലും ഭക്ഷണശാലയിലും ക്ഷേത്രത്തിലേക്കുള്ള പ്രവേശന ദ്വാരത്തിലും 'അകാൽ തക്ഥ്' എന്ന് പറയുന്ന കാര്യാലയമാളികയിലും എല്ലാ ദിക്കിലും ചിട്ടയോടെ തടസ്ഥനിരോധനാർത്ഥം ജാഗ്രത്തായ കാവലുണ്ട്. കുളത്തിന്റെ കിഴക്കേക്കരക്കുമുണ്ട് അഗ്രശാല. അതിപ്പോൾ ഉപയോഗിക്കുന്നത് ഗുരുദ്വാരാ സാമഗ്രികൾ സൂക്ഷിക്കുന്നതിനാണ്. ഈ അഗ്രശാലകൾക്കെല്ലാം ഭൂഗർഭാഗ്രശാലകളുമുണ്ട്. ശത്രുക്കളോട് എതിരിടാൻ ഉള്ള ആയുധ കലവറ ആയിരിക്കും അത്. മേൽത്തട്ടിൽ നിന്ന് നോക്കിയാൽ ഇങ്ങനെയൊരു ഗുഹാ സംവിധാനം ഇവിടെ ഉണ്ടെന്നുതോന്നില്ല.

കുളത്തിന്റെ വടക്കുഭാഗം 'അകാൽതക്ഥ്' ക്ഷേത്രകാര്യാലയം ആണ്. വിലപിടിച്ച മാർബിൾ നിർമ്മിതമാണ് ഈ കാര്യാലയസമുച്ചയം. കുളത്തിന്റെ ഒത്ത നടുവിലാണ് ശ്രീകോവിൽ. അതിലേക്ക് പത്ത് പന്ത്രണ്ടടിയോളം വീതിയിൽ പാലം കെട്ടിയിട്ടുണ്ട്. പരിശുദ്ധ വെൺ മാർബിൾ സ്ലാബ് കൊണ്ട് വെള്ളം പാലത്തിന്റെ കാലുകൾ കാണാത്ത വിധം മേൽത്തട്ടിൽ വിരിച്ച സ്ലാബിനൊപ്പം ആക്കി നിർത്തിയിട്ടുണ്ടാകും. പാലം കണ്ടാൽ വെള്ളത്തിന്റെ മീതെ പാറിക്കിടക്കുന്ന ഒരു നീണ്ടരാജവീഥിയാണെന്നേ തോന്നൂ. അതിലൂടെയാണ് ജനം വരിയായി ദർശനാർത്ഥം പോകുന്നത്.

ശ്രീകോവിൽ ചെറുതാണ്. അതിന്റെ ഹൃദയത്തിൽ – മദ്ധ്യത്തിൽ – നാലു പുറവും പ്രദക്ഷിണം വെക്കാനുള്ള (ഈശ്വരൻ കാലാതീതനും, ദിഗതീതനും, സർവ്വവ്യാപിയും, സർവ്വജ്ഞനും, അത്യന്ത സൂക്ഷ്മനുമായതുകൊണ്ട്) തുറന്ന സ്ഥലംവിട്ട്, സുന്ദരാലങ്കൃതമായ ഒരു പീഠത്തിന്മേൽ ഈശ്വരപ്രതീകമായി സങ്കൽപ്പിക്കുന്ന 'ഗ്രന്ഥസാഹിബ്' എന്ന ഗുരുനാനാക്ക് പാടിയ ദിവ്യഗീതങ്ങളുടെ സംഗ്രന്ഥം അലങ്കരിച്ചുവെച്ചിട്ടുണ്ടാകും. അതിന്റെ ഇരുവശങ്ങളിലും ഓരോരുത്തർ നിന്ന് പുസ്തകത്തെ ലക്ഷ്യമാക്കി വെഞ്ചാമരം കൊണ്ട് വീശിക്കൊണ്ടിരിക്കും. ആ ഗ്രന്ഥത്തിന് അഭിമുഖമായിരുന്ന് അതിലുള്ള ദിവ്യതത്വാത്മക ഈരടികൾ സംഗീതാത്മകമായി രണ്ടുപേർ ആലപിച്ചുകൊണ്ടിരിക്കും. അങ്ങനെ രാത്രി വൈകുംവരെ ആൾക്കാർ മാറിമാറി ഭജന പാടിക്കൊണ്ടിരിക്കും.

(തുടരും)

**യാന്തി പ്രമാദമതന്ദ്രാഃ (സാമം 721)**
**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു.**



*(മുൻലക്കത്തിന്റെ തുടർച്ച)*

# വൈദിക ഗണപതി

മദൻ രഹേജ

തർജ്ജമ : കെ.കെ.ജയൻ ആര്യ

### ഗണപതിയുടെ മൂന്ന് അർത്ഥങ്ങൾ

ഗണപതി എന്ന ശബ്ദത്തിന് പ്രചലിതമായ മൂന്ന് അർത്ഥങ്ങളുണ്ട്.

1. ഗണപതി എന്നാൽ ഗണങ്ങളുടെ സ്വാമി. അതായത് പരമപിതാവായ പരമേശ്വരൻ.
2. ഗണപതിയുടെ രണ്ടാമത്തെ അർത്ഥം പ്രജാപതി, പ്രജാപാലകൻ എന്നെല്ലാമാണ്. യജ്ഞംകൊണ്ട് സർവ്വരേയും സംരക്ഷിക്കുന്നതു കൊണ്ട് ഗണപതിയെ യജ്ഞാഗ്നിയായും കാണുന്നു.
3. ഗണപതിയുടെ മൂന്നാമത്തെ അർത്ഥം സർവ്വപ്രജകളുടെ അഥവാ ഒരു സമൂഹത്തിന്റെ സ്വാമി എന്നതാണ്. ഒരു ദേശത്തിന്റെ ഭരണാധികാരിയും (രാഷ്ട്രപതി) ഗണപതിയാണ്.

### സാർവ്വജനിക ഗണപതിയുടെ വ്യാഖ്യാനം

ഗണപതി = ഗണ+പതി എന്നാൽ ഗണങ്ങളുടെ സ്വാമി എന്നർത്ഥം. എന്നാൽ പരമാത്മാവ് എന്ന ശബ്ദം ശ്രവിക്കുമ്പോൾ ഏകനും അദ്വിതീയനും സർവ്വോത്തമവുമായ ചൈതന്യവസ്തുവിന്റെ ബോധം നമ്മിൽ ഉണ്ടാക്കുന്നു. ആ പരമേശ്വരൻ സർവ്വ മനുഷ്യവംശത്തിന്റേതുമാണ്. കേവലം ഒരു സമുദായത്തിന്റെയൊ ഒരു രാഷ്ട്രത്തിന്റെ മാത്രമോ അല്ല. അത് മുഴുവൻ വിശ്വത്തിന്റേതുമാണ്. അനാദികാലം മുതൽ ഈ വിശ്വത്തിന്റെ സൃഷ്ടിയും പരിപാലനവും സമയമെത്തുമ്പോൾ അതിന്റെ വിലയത്തിനും ആ ശക്തിവിശേഷം കാരണമാകുന്നു. താഴെ പറയുന്ന മന്ത്രം സ്പഷ്ട രൂപത്തിൽ ഗണപതിയുടെ മഹത്വത്തെ വർണ്ണിക്കുന്നു.

ഗണാനാം ത്വാ ഗണപതിം ഹവാമഹേ
കവിം കവീനാമുപമ ശ്രവസ്തമം ।
ജ്യേഷ്ഠരാജം ബ്രഹ്മണാം ബ്രഹ്മണസ്പത
ആ നഃ ശൃണ്വന്നൂതിഭിഃ സീതസാദനം ॥

(ഋഗ്വേദം. 2.23.1)

ഈ മന്ത്രത്തിലെ ദേവത (വിഷയം) ബ്രഹ്മണസ്പതിയാണ്. അതായത് സമസ്ത ബ്രഹ്മാണ്ഡത്തിന്റെയും സ്വാമിയായ പരമാത്മാവ്. "ബ്രഹ്മ" ശബ്ദത്തിന് അനേകം അർത്ഥങ്ങളുണ്ട്. പരമാത്മാവ്, വേദം, യജ്ഞം, ബ്രഹ്മാ

**ബൃഹദ് വദേമ വിദഥേ സുവീരാഃ (യജുർവേദം 34.58)**
**ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും.**

ണ്ഡം, അന്നം, ധനം, മനസ്സ്, പ്രാണൻ, ബ്രഹ്മണ, സർവ്വതിലും വലുത് എന്നിങ്ങനെ. നാല് പുരോഹിതന്മാരിൽ മുഖ്യ പുരോഹിതനെയും ബ്രഹ്മാ എന്ന് വിശേഷിപ്പിക്കുന്നു. പതി എന്നാൽ രക്ഷകൻ, പാലകൻ, സ്വാമി എന്നെല്ലാം അർത്ഥം. ഉപയുക്തമന്ത്രത്തിൽ പരമാത്മാവിന്റെ വിവിധ ഗുണങ്ങളെ ആലങ്കാരികമായി കവി, ജ്യേഷ്ഠരാജൻ ബ്രഹ്മണസ്പതി എന്നിങ്ങനെ വർണ്ണിച്ചിരിക്കുന്നു. ആദ്ധ്യാത്മിക അർത്ഥം വ്യാഖ്യാനിക്കുമ്പോൾ മന്ത്രാർത്ഥം ഹേ, ഗണനീയ പദാർത്ഥ ഗണങ്ങളുടെയും സ്വാമിയായ പരമാത്മൻ! അങ്ങ് കവികളുടെയും കവിയാണ്, ഉപമായോഗ്യനാണ്, ശ്രവണ യോഗ്യനാണ്. സർവ്വവ്യാപകനാകയാൽ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ തുടങ്ങിയ ശ്രേഷ്ഠ പദാർത്ഥങ്ങളിലും വിരാജിക്കുന്നു, അതായത് സർവ്വതും പ്രകാശിക്കുന്നത് അങ്ങയുടെ പ്രകാശത്താലായതുകൊണ്ട് അങ്ങ് ജ്യേഷ്ഠരാജനാണ്. അതുകൊണ്ട് അങ്ങയോട് ഞങ്ങൾ വിനമ്രതയോടെ പ്രാർത്ഥിക്കുന്നു, ഞങ്ങളുടെ ഹൃദയത്തിൽ വസിച്ച് ഞങ്ങളെ രക്ഷിച്ചാലും.

**വൈദിക ഗണപതിയുടെ പൂജ**

വേദങ്ങളിലെ അനേകം മന്ത്രങ്ങളിൽ ഗണപതി എന്ന ശബ്ദം വന്നിട്ടുണ്ട്. എല്ലാം തന്നെ ഗണങ്ങളുടെ സ്വാമിയായ പരമാത്മാവിനെ സൂചിപ്പിക്കുന്നു. ബ്രഹ്മാണ്ഡത്തിൽ ഗണനാത്മകമായ അനേകം പദാർത്ഥങ്ങൾ ഉണ്ട്. അതിനെയെല്ലാം നമുക്ക് ഒന്നൊന്നായി എണ്ണുവാൻ സാധിക്കുന്നു. ആ പദാർത്ഥങ്ങളുടെയെല്ലാം രക്ഷകനും പാലകനും സ്വാമി അഥവാ പതിയാണ് ഗണപതിയായ പരമേശ്വരൻ. അത് പരമാത്മാവുതന്നെയാണ്.

ഗണാനാം ത്വാ ഗണപതിങ് ഹവാമഹേ
പ്രിയാണാം ത്വാ പ്രിയപതിങ് ഹവാമഹേ
നിധീനാം ത്വാ നിധിപതിങ് ഹവാമഹേ
വസോ മമ ആഹമജാനി ഗര്ഭധമാ ത്വമജാസി ഗർഭധം ॥

(യജുർവേദം 23.19)

ഈശ്വരന് അനേകം ഗൗണവും കാർമ്മികവും സ്വാഭാവികവും ആലങ്കാരികവുമായ നാമങ്ങളുണ്ട്. അതിൽ ഒരു നാമമാണ് ഗണപതി. യജുർവേദത്തിലെ ഈ മന്ത്രത്തിൽ ഗണപതി പ്രിയപതി, നിധിപതി എന്നീ നാമങ്ങളിൽ ഈശ്വരനെ സംബോധന ചെയ്തിരിക്കുന്നു. ഇതിൽ പ്രേമത്തിന്റെ സ്വാമി എന്ന അർത്ഥത്തിൽ പ്രിയപതി സിദ്ധമാകുന്നു. ഈശ്വരൻ സർവ്വ ചരാചരങ്ങളോടും കരുണ, പ്രേമം എന്നിവ കാണിക്കുന്നു. അതുപോലെ മനുഷ്യരും സർവ്വ പ്രാണികളോടും മനസാ-വാചാ-കർമ്മണാ-ദയ-സ്നേഹം ഇവ കാണിക്കുമ്പോൾ അത് ശരിയായ (ഗണപതി) ഈശ്വരപൂജയാകുന്നു. അതുപോലെ നിധികളുടെ സ്വാമിയായ ഈശ്വരന്റെ മറ്റൊരു നാമമാണ് നിധിപതി.

**(തുടരും)**

**ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)**
**ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു.**



*(മുൻലക്കത്തിന്റെ തുടർച്ച)*

# ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം

സത്യാനന്ദ് 'വേദവാഗീശ്'
തർജ്ജമ : ബ്രഹ്മചാരി ശാസ്തൃശർമ്മൻ

## വൈതരണീനദി കടക്കാനുള്ള ഗോദാനവും പോപ്പിന്റെ ലീലകളും (തുടർച്ച....)

**അ**പ്രകാരം തന്നെ ദാതാക്കളോട് എല്ലായിപ്പോഴും യാചിക്കുക, ഇല്ലെന്നു പറഞ്ഞാലും നിർബന്ധിച്ചുവാങ്ങുക, ആരെങ്കിലും കൊടുക്കാതിരിക്കുന്നപക്ഷം അവരെ നിന്ദിക്കുകയും ചീത്തപറയുകയും ചെയ്ക, അനേകം പ്രാവശ്യം സഹായിച്ചിട്ടുള്ളവർ എപ്പോഴെങ്കിലും ഒരു പ്രാവശ്യം സഹായിക്കാതിരുന്നാൽ അവരെ വെറുക്കുക, പുറമേ സന്ന്യാസിയുടെ വേഷംകെട്ടി ജനങ്ങളെ വഞ്ചിക്കുക, തന്റെ കയ്യിൽ ധനമുണ്ടെങ്കിലും ഇല്ലെന്നുപറഞ്ഞ് അന്യന്മാരോട് വാങ്ങുക, എല്ലാവരെയും സ്തുതിച്ച് സ്വാർത്ഥത്തെ നിറവേറ്റുക, ദിനരാത്രം ഭിക്ഷ യാചിച്ച് കഴിച്ചുകൂട്ടുക, ക്ഷണം ലഭിക്കുമ്പോൾ കഞ്ചാവും മറ്റും കഴിച്ച് ക്രമത്തിലധികം ഭക്ഷണം വയറ്റിലാക്കുക, പിന്നീട് ഉന്മത്തനായിട്ട് പലതരത്തിലുള്ള പ്രമാദങ്ങളും ചെയ്യുക, സത്യമാർഗ്ഗത്തെ ത്യജിച്ച് സ്വാർത്ഥസിദ്ധിക്കുവേണ്ടി അസത്യമാർഗ്ഗത്തിൽക്കൂടി സഞ്ചരിക്കുക, തന്റെ ശിഷ്യന്മാരോട് തന്നെ മാത്രം ശുശ്രൂഷിക്കുന്നതിനുപദേശിക്കുക, നല്ല പ്രവൃത്തികളെ വിരോധിക്കുക, ഈ കാണുന്നതെല്ലാം അസത്യമാണ്. ജഗത്ത് മിഥ്യയാണ് എന്നെല്ലാം ഉപദേശിച്ച് ബന്ധുക്കളേയും, സ്നേഹിതന്മാരെയും, മാതാപിതാക്കന്മാരേയും, രാജാക്കന്മാരെയും, പ്രജകളേയും എല്ലാം അപകടത്തിലാക്കുക മുതലായ ലക്ഷണങ്ങളും കുപാത്രങ്ങളുടേതാണ്.

ബ്രഹ്മചാരിയും, ജിതേന്ദ്രിയനും, വേദാദിശാസ്ത്രങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനും, സുശീലനും, സത്യവാദിയും, പരോപകാരിയും, പുരുഷാർത്ഥിയും, ഉദാരശീലനും, വിദ്യാധർമ്മങ്ങളെ നിരന്തരം ഉയർത്തുന്നവനും, ധർമ്മാത്മാവും, ശാന്തനും, നിന്ദാസ്തുതികളിൽ സുഖദുഃഖങ്ങളില്ലാത്തവനും, നിർഭയനും, ഉത്സാഹിയും, യോഗിയും, ജ്ഞാനിയും, സൃഷ്ടി ക്രമത്തെയും വേദത്തേയും ഈശ്വരകല്പനയേയും അനുസരിച്ച് പ്രവർത്തിക്കുന്നവനുമാണ് സൽപാത്രം. ന്യായമനുസരിച്ച് പക്ഷപാതം കൂടാതെ സത്യശാസ്ത്രങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ക. ആരെയും ദുഷിക്കാതിരിക്കുക. ചോദ്യങ്ങൾക്ക് ശരിയായ സമാധാനം നൽകുക, തന്റെ സുഖ-ദുഃഖങ്ങളെപ്പോലെതന്നെ അന്യന്റേയും സുഖദുഃഖങ്ങളെപ്പറ്റി ചിന്തിക്കുക, അവിദ്യ മുതലായ ക്ലേശങ്ങളും, ദുരാഗ്രഹം, അഭിമാനം മുതലായ ദുർഗ്ഗുണങ്ങളും ഇല്ലാതിരിക്കുക, അപമാനത്തെ അമൃതിന് തുല്യമായും, മാനത്തെ വിഷതുല്യമായും വിചാരിക്കുക, സന്തോഷമായി ആരെങ്കിലും എന്തെങ്കിലും കൊടുത്താൽ അതുകൊണ്ട് തൃപ്തിപ്പെടുക, ദാനം ചെയ്യാത്തവരെ നിന്ദിക്കാതിരിക്കുക, സുഖവാൻമാരുമായി സ്നേഹം സമ്പാദിക്കുക, ദുഃഖിതൻമാരിൽ കരുണയുണ്ടായിരിക്കുക ഇവയെല്ലാം സൽപാത്രങ്ങളുടെ ലക്ഷണമാണ്.

**(തുടരും)**

**ധർമ്മം ചര (തൈ. 2. 1.11.1)**
**ധർമ്മാചരണം ചെയ്യൂ !**



# സപ്ത ഋഷികളുടെ നിസർഗോപചാരം അഥവാ പ്രകൃതിചികിത്സ വേദങ്ങളിൽ

പണ്ഡിറ്റ് ശ്രീപാദ് ദാമോദർ സാത്വലേക്കർ
തർജ്ജമ: ശ്രീകുമാർ. എൻ

(**പ്ര**കൃതി ചികിത്സയെക്കുറിച്ച് സൂചന നൽകുന്ന ഋഗ്വേദം പത്താം മണ്ഡലത്തിലെ നൂറ്റിമുപ്പത്തിയേഴാം സൂക്തത്തിലെ ഒന്നുമുതൽ ഏഴു വരേയുള്ള സൂക്തങ്ങൾക്ക് പണ്ഡിറ്റ് ശ്രീപാദ് ദാമോദർ സാത്വലേക്കർ നൽകിയ ഭാഷ്യം ആണ് ഇവിടെ കൊടുത്തിരിക്കുന്നത്. അദ്ദേഹത്തിന്റെ 'ഋഗ്വേദത്തിന്റെ സുബോധ ഭാഷ്യം' എന്ന ഗ്രന്ഥത്തിൽ നിന്ന് ഉള്ളതാണ് ഇവിടെ കൊടുത്തിരിക്കുന്ന മന്ത്ര വ്യാഖ്യാനം. ഈ മന്ത്രങ്ങളിലെ ഋഷി ഭരദ്വാജൻ മുതൽ വസിഷ്ഠൻ വരെയുള്ള ഏഴ് ഋഷികൾ ആകുന്നു. പാപ കർമ്മങ്ങൾ ചെയ്ത് അധപതനത്തിന്റെ വഴിയിലേക്ക് പോകുമ്പോൾ തിരിച്ചു വരുന്നതിനെക്കുറിച്ചും വിവിധ തരം രോഗങ്ങൾ വരാതിരിക്കാനും അഥവാ വന്നുകഴിഞ്ഞാൽ ചെയ്യേണ്ട പ്രതിവിധികളെക്കുറച്ചും ഏഴ് മന്ത്രങ്ങളിൽ ആയി വിവരിക്കുന്നു. ഈ വ്യാഖ്യാനം മലയാളത്തിലേക്ക് തർജ്ജമ ചെയ്തിരിക്കുന്നത് വടകര സ്വദേശി ശ്രീ. ശ്രീകുമാർ. എൻ ആണ്. ഭാരതീയ ദർശനങ്ങളിലും മറ്റ് വൈദിക സാഹിത്യവാങ്മയങ്ങളിലും അദ്ദേഹം പഠനം നടത്തുന്നുണ്ട്. വടകര ആര്യസമാജം അംഗമാണ് - പത്രാധിപർ).

**ഭാഷ്യകാരനെക്കുറിച്ച്:**

പണ്ഡിറ്റ് ദാമോദർ സാത്വലേകർ അസാമാന്യ പണ്ഡിതനും ബഹുമുഖ പ്രതിഭയും സ്വാതന്ത്ര്യസമരസേനാനിയും ആയിരുന്നു. രാജ്യം അദ്ദേഹത്തെ പത്മഭൂഷൺ നൽകി ആദരിച്ചിട്ടുണ്ട്. അനവധി ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. നാല് വേദങ്ങൾക്കും ഭാഷ്യം നൽകി. ഇവയിൽ അഥർവ്വവേദത്തിന് നാല് വാല്യങ്ങളായി അദ്ദേഹം രചിച്ചിട്ടുള്ള 'സുബോധ ഭാഷ്യം' അത്യന്തം മഹത്വപൂർണ്ണവും വിസ്തൃതവുമാണ്. അതേ പോലെ ഇന്നുവരെ ഇറങ്ങിയിട്ടുള്ള ഭഗവത്ഗീത ഭാഷ്യങ്ങളിൽ ഏറ്റവും മികച്ച വയിൽ ഒന്നാണ് അദ്ദേഹത്തിന്റെ 'പുരുഷാർത്ഥ ബോധിനി ഭാഷാ ടീകാ' എന്ന ഗ്രന്ഥം. മഹാഭാരതം, രാമായണം, സംസ്കൃത ഭാഷ, യോഗ തുടങ്ങി അനേകം വിഷയങ്ങളിൽ അദ്ദേഹം ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. മഹാത്മാ ഗാന്ധി, ലോകമാന്യതിലക് തുടങ്ങിയവരുമായി അടുത്ത ബന്ധം അദ്ദേഹം പുലർത്തിയിരുന്നു. ആര്യസമാജവുമായി അടുത്ത ബന്ധം ഉണ്ടായിരുന്നു.

എന്നിരുന്നാലും പ്രസ്തുത വേദ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഭാഷ്യകാരന്റേതായി മുന്നോട്ടുവെക്കുന്ന ചില അഭിപ്രായങ്ങളും കണ്ടെത്ത

**പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33.81).**
**വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.**

ലുകളും എവിടെയെവിടെ ആര്യസമാജത്തിന്റെ പൊതു നിലപാടുകളിൽ നിന്ന് ഭിന്നമായിരിക്കുന്നുവോ അവിടെയെല്ലാം അവ അദ്ദേഹത്തിന്റെ മാത്രം അഭിപ്രായമാണെന്ന് മനസ്സിലാക്കേണ്ടതാകുന്നു.

**ഭൂമിക**

സപ്ത-ഋഷികളുടെ ആശ്രമം ഉണ്ടായിരുന്നു. ഈ ആശ്രമത്തിൽ ഭരദ്വാജൻ, കശ്യപൻ, ഗോതമൻ, അത്രി, വിശ്വാമിത്രൻ, ജമദഗ്നി, വസിഷ്ഠൻ എന്നീ ഏഴ് ഋഷികൾ തപസ്സ് ചെയ്തിരുന്നു. ഇവരെ കുറിച്ച് ഇങ്ങനെ പറയപ്പെടുന്നു

'കശ്യപോ അത്രിർ ഭരദ്വാജോ വിശ്വാമിത്രോ അഥ ഗോതമ: ।
ജമദഗ്നിർവസിഷ്ഠംശ്ച സാധ്വീചൈവാപ്യരുന്ധതി ॥'

ഇവർ ഏഴ് ഋഷികൾ ആയിരുന്നു. വൈദികസാഹിത്യത്തിൽ ഇവർക്ക് വലിയ പ്രശസ്തി ഉണ്ടായിരുന്നു. കേവലം ഋഗ്വേദത്തിൽ മാത്രമേ ഇവരുടെ മന്ത്രങ്ങൾ ഉള്ളൂ. ഇവരിൽ ഏറ്റവും ആദരണീയൻ വസിഷ്ഠൻ ആണെന്നാണ് കണക്കാക്കപ്പെടുന്നത്.

ഈ ഋഷികളുടെ മന്ത്രങ്ങളുടെ ക്രമം താഴെ വിവരിക്കുന്നു . (ഋഷിയുടെ നാമം, മന്ത്ര സംഖ്യ, മണ്ഡലം എന്ന ക്രമത്തിൽ)

| | ഋഷി | മന്ത്രസംഖ്യ | മണ്ഡലം |
|---|---|---|---|
| 1 | വസിഷ്ഠൻ | 860 മന്ത്രങ്ങൾ | 7 |
| 2 | ഭരദ്വാജൻ | 532 മന്ത്രങ്ങൾ | 6 |
| 3 | വിശ്വാമിത്രൻ | 501 മന്ത്രങ്ങൾ | 3 |
| 4 | ഗോതമൻ | 214 മന്ത്രങ്ങൾ | 1 |
| 5 | അത്രി | 140 മന്ത്രങ്ങൾ | 5 |
| 6 | ജമദഗ്നി | 93 മന്ത്രങ്ങൾ | |
| 7 | കശ്യപൻ | 71 മന്ത്രങ്ങൾ | |

ഇപ്രകാരത്തിലാകുന്നു മന്ത്രങ്ങളുടെ സംഖ്യാക്രമം. വസിഷ്ഠ ഋഷിയുടെ മന്ത്രങ്ങളുടെ എണ്ണം മറ്റു ഋഷികളുടെ മന്ത്രങ്ങളെ അപേക്ഷിച്ച് അധികമായിരുന്നു. ഇക്കാരണത്താൽ സപ്ത ഋഷികളിൽ പ്രമുഖനായി അദ്ദേഹം അറിയപ്പെടുന്നു.

**(തുടരും)**

**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**
**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**



ബാലപംക്തി

# ഗുണപാഠ കഥകൾ

സമ്പാദകൻ : കെ. കെ. ജയൻ ആര്യ

## സ്വാർത്ഥ ത്യാഗം

**വീ**തരാഗിയായ സ്വാമി സർവ്വാനന്ദജി ഒരിക്കൽ ബീഹാറിലെ ഛപര സ്ഥാനി ലെത്തി. അവിടെ ഒരു ക്ഷേത്രത്തിൽ ഒരു പൂജാരി വളരെ ഭക്തിയോടെ യജ്ഞം ചെയ്യുന്നതുകണ്ടു. സ്വാമിജി അടുത്തു ചെന്ന് ചോദിച്ചു. 'നിങ്ങൾ മൂർത്തി പൂജകനല്ലെ? പിന്നെയെന്താണ് ഹവനം ചെയ്യുന്നത്?'

ആ പൂജാരി മറുപടി പറഞ്ഞത് സ്വാമി ദയാനന്ദന്റെ കൃപകൊണ്ടാണ് എനിക്ക് ഹവനത്തിൽ പ്രേമം ഉണ്ടായത് എന്നായിരുന്നു. പിന്നെ അമ്പലത്തിലെ പൂജ, തന്റെ വിശപ്പകറ്റാൻ വേണ്ടിയും.

സ്വാമി ദയാനന്ദൻ ശാസ്ത്രാർത്ഥത്തിനുപോകുമ്പോൾ താനായിരുന്നു ഗ്രന്ഥങ്ങൾ ചുമന്നിരുന്നത്. സ്വാമി സർവ്വാനന്ദൻ പറഞ്ഞു. 'എങ്കിലും താങ്കൾ എങ്ങനെ ഇത്രയും മാറി ?' പൂജാരി കാരണം വിവരിച്ചു.

ഈ നഗരത്തിൽ പ്രഭുക്കന്മാരുടെ ഒരു കേന്ദ്രമുണ്ടായിരുന്നു. അവിടെയുള്ള ഒരു സമ്പന്നൻ ഒരിക്കൽ സ്വാമിജിയോട് ശാസ്ത്രാർത്ഥം നടത്തുവാൻ പതിനാറു പണ്ഡിതന്മാരെ ഏർപ്പാടാക്കി. അവിടെ അവർക്കുവേണ്ടി പതിനാറ് ഇരിപ്പിടങ്ങൾ ഒരു വശത്തും സ്വാമിജിക്കിരിക്കാൻ ഒരു ഇരിപ്പിടം എതിർവശത്തും തയ്യാറാക്കി. പണ്ഡിതന്മാർ പതിനാറുപേരും അവർക്കായി ഒരുക്കിയ പീഠത്തിൽ ഇരിപ്പുറപ്പിച്ചു. സമ്പന്നനായ ആ പ്രഭു തന്റെ സേവകനെ വിട്ട് സ്വാമിജിയേ വിളിപ്പിച്ചു കൊണ്ടു വന്നു. സ്വാമി ദയാനന്ദൻ സദസ്സിലേക്കു പ്രവേശിച്ചു. ആറടി അഞ്ചിഞ്ചുയരമുള്ള സ്വാമിജിയുടെ തേജസ്സാർന്ന ആകാരം കണ്ടപ്പോൾ തന്നെ പണ്ഡിതന്മാർ അങ്കലാപ്പിലായി. ഇദ്ദേഹത്തെ പരാജയപ്പെടുത്താൻ തങ്ങൾക്കാവില്ല എന്നവർക്കു ബോധ്യമായി. അവരിലാർക്കും സ്വാമിജിയോട് സംസാരിക്കുവാനുള്ള ധൈര്യമുണ്ടായില്ല. എന്തായാലും ശാസ്ത്രാർത്ഥം ചെയ്യാനാകില്ല. എന്തെങ്കിലും പറഞ്ഞു രക്ഷപ്പെടണമല്ലോ. ഉടൻ തന്നെ ഒരാൾ എഴുന്നേറ്റുപറഞ്ഞു.

'ഞങ്ങളെ അപമാനിച്ചിരിക്കുന്നു. ഞങ്ങൾക്ക് തടികൊണ്ടുള്ള പീഠമാണ് ഇരിക്കാൻ നൽകിയത്. സ്വാമിക്ക് മണ്ണുകൊണ്ടുള്ളത് കൊടുത്തു. ഞങ്ങൾ ശാസ്ത്രാർത്ഥം ചെയ്യുന്നില്ല.' പണ്ഡിതന്മാർ ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റ് പോകാനൊരുങ്ങി.

സ്വാമിജി ശാന്തമായി പറഞ്ഞു. 'അതിനെന്താ ഞാൻ നിലത്തിരുന്നു കൊള്ളാം നമുക്ക് ശാസ്ത്രാർത്ഥം തുടങ്ങാം.'

പണ്ഡിതന്മാർക്ക് അതും സ്വീകാര്യമായിരുന്നില്ല എന്നുപറയേണ്ടതില്ലല്ലൊ. അവർ പുറത്തേക്കുപോയി. പൂജാരി പറഞ്ഞു 'സ്വാമിജിയുടെ പാണ്ഡിത്യത്തിന്റെ പ്രഭാവമാണ് ലോകം സ്വീകരിച്ചത് പക്ഷേ അദ്ദേഹത്തിന്റെ സ്വാർത്ഥത്യാഗമാണ് എന്റെ കണ്ണുതുറപ്പിച്ചത്.' ■

**ഈശാവാസ്യമിദം സർവ്വമ് । (യജുർവേദം 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**



# ബലേശ്വർ മുനിക്ക് പ്രണാമം

കെ. എം. രാജൻ മീമാംസക്

**വേ**ദഗുരുകുലത്തിന്റെ സ്ഥാപകരിൽ പ്രമുഖനും സംരക്ഷകനുമായിരുന്ന ബലേശ്വർ മുനി (87) ഫെബ്രുവരി 1 ന് പുലർച്ചെ തന്റെ ഡൽഹിയിലെ വസതിയിൽ വെച്ച് ഇഹലോകവാസം വെടിഞ്ഞു. മഹർഷി ദയാനന്ദസരസ്വതിയുടെ ചിന്തധാരകളെ സ്വന്തം ജീവിതത്തിൽ സ്വാംശീകരിച്ച നിഷ്ഠാവനായ ഒരു വേദപ്രചാരകനായിരുന്നു അദ്ദേഹം. 2013 ഏപ്രിൽ മാസം 1 മുതൽ 7 വരെ അജ്മേരിലെ ഋഷി ഉദ്യാൻ ഗുരുകുലത്തിൽ നടന്ന വൈദിക ധ്യാനപരിശീലകർക്കായുള്ള ശിബിരത്തിന് ചെന്നപ്പോഴാണ് അദ്ദേഹത്തെ ഈ ലേഖകൻ ആദ്യമായി കണ്ടത്. ഭാരതീയ വ്യോമസേനയിൽ നിന്ന് സ്വമേധയാ വിരമിച്ച ശേഷം ആര്യപ്രചാരകനായി പ്രവർത്തിച്ചുവരുന്ന എന്നോട് മുൻ വ്യോമസൈനികനായ അദ്ദേഹത്തിന് പ്രത്യേകം അടുപ്പം ഉണ്ടായിരുന്നു. പട്ടാളക്കാർക്ക് പരസ്പരം സ്വൽപ്പം ആത്മബന്ധം കൂടും എന്നത് ഒരു സവിശേഷതയാണ്. മാത്രമല്ല ഋഷി ദയാനന്ദന്റെ സൈനികർക്കിടയിൽ അത് കുറച്ചുകൂടി ഗാഢമാവുകയും ചെയ്യും. കേരളത്തിലെ പ്രവർത്തനങ്ങളിൽ അദ്ദേഹം ഏറെ താല്പര്യം എടുത്തിരുന്നു. ആര്യസമാജത്തിന്റെ സംഘടനാപ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധിച്ചിരുന്ന ഈ ലേഖകനോട് ഗുരുകുലം ആരംഭിക്കാൻ 2014 ൽ അദ്ദേഹം ആവശ്യപ്പെട്ടു. വളരെ സങ്കീർണ്ണമായ ഈ ദൗത്യം ഏറ്റെടുക്കാൻ എനിക്ക് ഏറെ പരിമിതികൾ ഉണ്ടായിരുന്നു. ഗുരുകുലരീതിയിൽ സാംഗോപാംഗം വേദപഠനം നടത്തിയ ഒരാൾക്ക് മാത്രമേ ഗുരുകുലം നടത്താൻ കഴിയൂ. ഒരു ആശുപത്രി നടത്താൻ ഡോക്ടർമാർ ആവശ്യമാണ് എന്ന പോലെ കേരളത്തിൽ ആര്യസമാജം വിഭാവനം ചെയ്യുന്ന ഒരു വൈദിക ഗുരുകുലം നടത്താൻ അതിന് മേല്പറഞ്ഞ യോഗ്യതയുള്ള പ്രാദേശികഭാഷയിലും മറ്റും പ്രാവീണ്യം ഉള്ള ഒരാൾ തന്നെ വേണം. കേരളത്തിൽ അത്തരത്തിലുള്ള സാഹചര്യം ഇല്ലാത്തതിനാലാണ് ഈ ലേഖകൻ ഗുരുകുലം ആരംഭിക്കാൻ വിമുഖത പ്രകടിപ്പിച്ചത്. എന്നാൽ ബലേശ്വർ മുനിയുടെ സ്നേഹപൂർവ്വമായ നിർബന്ധത്തിന് വഴങ്ങി ഗുരുകുലം തുടങ്ങാൻ തീരുമാനിക്കുകയായിരുന്നു. നിരവധി പ്രതിസന്ധികളെ നേരിട്ടുകൊണ്ടാണ് വേദഗുരുകുലം 2015 ഡിസംബറിൽ ഉദ്ഘാടനം ചെയ്ത് ഇപ്പോഴും മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. ബലേശ്വർ മുനിയുടെ സന്ദർഭോചിതമായ മാർഗ്ഗദർശനത്താലാണ് അവയെ ഒക്കെ തരണം ചെയ്ത് മുന്നേറാൻ സാധിച്ചിരുന്നത്. ആ കൈത്താങ്ങ് ആണ് ഇപ്പോൾ ഇല്ലാതായിരിക്കുന്നത്.

യജ്ഞത്തിലും ഉപാസനയിലും ഏറെ ശ്രദ്ധാലുവായിരുന്നു അദ്ദേഹം. ഈ അണുകുടുംബങ്ങളുടെ കാലത്ത് മക്കൾക്കും മരുമക്കൾക്കും പേരക്കുട്ടികൾക്കുമൊപ്പം സ്വന്തം വസതിയിൽ അദ്ദേഹം നിത്യേന അഗ്നിഹോത്രം അനുഷ്ഠിച്ചിരുന്നു. യജ്ഞകുണ്ഡം, സമിധ, സാമഗ്രി എന്നിവയുടെ കാര്യത്തിലും വളരെ നിഷ്കർഷത അദ്ദേഹം പുലർത്തിയിരുന്നു.

ബലേശ്വർ മുനിയുടെ നിര്യാണത്തോടെ പിതൃതുല്യനായ ഒരു സംരക്ഷകനെയാണ് വേദഗുരുകുലത്തിന് നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിയുണ്ടാവാൻ ജഗദീശ്വരനോട് പ്രാർത്ഥിക്കുന്നു.

■



# സരസ്വതി വന്ദനം

## तू जनों की ज्योति है

**नि त्वामग्ने मनुर्दधते, ज्योतिर्जनाय शश्वते।**

**दीदेथ कण्व ऋतजात उक्षितो, यं नमस्यन्ति कृष्टयः।।** ऋग् १.३६.१९

ऋषि: **कण्वः घौरः**। देवता **अग्निः**। छन्द: **बृहती**।

**( अग्ने )** हे अग्रणी परमात्मन्! **( मनुः )** मननशील मनुष्य **( त्वां )** तुझे **( नि दधे )** [हृदय में] निहित करता है। [तू]**( शश्वते )** सनातन **( जनाय )** [आत्मारूप] जन के लिए **( ज्योतिः )** ज्योति [है]। **( ऋतजातः )** सत्य के द्वारा प्रकट, **( उक्षितः**[1] **)** [आत्मसमर्पण की हवि से] सिक्त [तू] **( कण्वे**[2] **)** मेधावी के अन्दर **( दीदेथ**[3] **)** प्रदीप्त होता है, **( यं )** जिसे **( कृष्टयः**[4] **)** साधक-जन **( नमस्यन्ति )** नमस्कार करते हैं।

हे अग्निस्वरूप अग्रणी परमात्मन्! जैसे यजमान अरणि-मन्थन के द्वारा यज्ञाग्नि को प्रकट कर यज्ञकुण्ड में निहित करता है, वैसे ही मननशील मनुष्य तुम्हें अपने हृदय में निहित करता है। जैसे अरणियों में पहले से ही विद्यमान अग्नि को भी मन्थन के द्वारा प्रकट करना पड़ता है, ऐसे ही यद्यपि तुम प्रत्येक के हृदय में पहले से ही वर्तमान हो, तो भी ध्यान-रूप मन्थन से तुम्हें प्रकट करने की आवश्यकता होती है। पूर्व ही सर्वत्र विद्यमान तुम्हारे विषय में 'हृदय में निहित करना' आदि भाषा-प्रयोग तुम्हें उद्‌बुद्ध या प्रकट करने के अर्थ में ही हम करते हैं। जब तुम हृदय में निहित या प्रबुद्ध हो जाते हो, तब सनातन जीवात्मा के लिए दिव्य ज्योति का काम करते हो, अँधियारे तमस् में तुम्हारी प्रकाश-रेखा उसे जीवन-पथ दर्शाती है।

हे प्रकाशक प्रभु! तुम 'ऋतजात' हो, सत्य से प्रकट होते हो। जब तक मन सत्य के द्वारा निर्मल नहीं हो जाता, तब तक उसमें तुम्हारे चरण नहीं पड़ते। मन में असत्य को धारण किये रखकर देवार्चना के विषय में सोचना आत्म-प्रवंचना करना और जगत् को छलना है। जब तुम 'कण्व' की, मेधावी साधक की मनोवेदि में सत्य के द्वारा व्यक्त हो जाते हो और उसके आत्म-समर्पण की घृताहुति से सिक्त होते हो, तब तुम्हारी आभा दर्शनीय होती है। तब ऊँची-ऊँची ज्वावलाओं से देदीप्यमान होती हुई यज्ञान्ति के समान तुम अदभ्र ज्योतिवाले प्रकाशपुंज के रूप में दिखाई देते हो। तुम्हारी उस जगमग ज्योति के प्रति कृष्टि-जन, योग-साधना की कृषि करने वाले साधक-जन, शतशः नमस्कार करने लगते हैं। हे तेजोमय प्रभु! अपनी वह दिव्य ज्योति हम 'कण्वों' के हृदयों में भी उद्‌भासित करो, हमें भी अपना कृपापात्र बनाओ, हमारे भी तमोजाल को निरस्त करो। हम भी 'मनु' बनकर तुम्हें अपनी हृदय-वेदि में निहित कर रहे हैं, अग्न्याधान कर रहे हैं।

**संकलन : आदित्यमुनि ऋषि उद्यान, अजमेर**

**തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)**
**ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !**

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication: 10-03-2025
RNI No. KERMAL/2013/53849
Registered No. Ottapalam/5/2023-25

**ദയാനന്ദ സന്ദേശം ഉടമമസ്ഥതയും വിശദാംശങ്ങളും സംബന്ധിച്ചുള്ള സ്ഥിതി വിവരം (1956 ലെ കേന്ദ്ര ന്യൂസ് പേപ്പർ നിയമപ്രകാരവും 19 ഡി (ബി) യിലെ പി.ആർ.ബി നിയമത്തിൻ പ്രകാരവും പ്രസിദ്ധപ്പെടുത്തുന്നത്)**

**ഫോറം IV**

1. പ്രസിദ്ധീകരിക്കുന്ന സ്ഥലം - ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് 679 504, കേരളം
2. പ്രസിദ്ധീകരണ സ്വഭാവം - മാസിക
3. അച്ചടിക്കുന്ന ആളിന്റെ പേര് - കെ. എം. രാജൻ
   ഭാരതീയനാണോ - അതെ
   മേൽവിലാസം - ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് 679 504, കേരളം
4. പ്രസാധകന്റെ പേര് - കെ. എം. രാജൻ
   ഭാരതീയനാണോ - അതെ
   മേൽവിലാസം - ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് 679 504, കേരളം
5. പത്രാധിപരുടെ പേര് - കെ. എം. രാജൻ
   മേൽവിലാസം - ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് 679 504, കേരളം
6. പത്രത്തിന്റെ ഉടമസ്ഥതയിൽ ഒരു ശതമാനമോ അതിലധികമോ ഓഹരിയോ, പങ്കാളിത്തമോ ഉള്ള വ്യക്തിയുടെ / സ്ഥാപനത്തിന്റെ പേരും മേൽവിലാസവും - ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് 679 504, കേരളം

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ഞാൻ കെ.എം. രാജൻ പ്രസ്താവിച്ചുകൊള്ളുന്നു.

സ്ഥലം : വെള്ളിനേഴി
തിയ്യതി : 10.3.2025

ഒപ്പ്
കെ. എം. രാജൻ, പ്രസാധകൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O), Palakkad - 679 504. Printed at Mudra Printers, Cherpulassery and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor responsible for selecting articles: KM Rajan

**Email: dayanandasandesam@gmail.com** **Phone: 9446575923, 9497525923**